# ST.THOMAS HIGH SCHOOL THUMPOLY

little KITEs



# OUR PATRONS



James Raphel Anaparambil
Bishop of allepy



Rt. Rev. Dr. Stephen Athipozhiyil
Bishop of alleppey

# OUR CORPORATE MANAGER



**Fr. Raju Kalathil**

# ***<u>OUR EDITORIAL BOARD</u>***

CHIEF EDITORS
ARCHANA J AROUJ , MINI D

<u>SUPPORTING EDITORS</u>

AMANDA ANTONY

ANEENA JOSEPH

KIRAN ANTONY

# ആശംസ

വിവര സാങ്കേതിക വിദ്യ സാധാരണക്കാർക്ക് പ്രാപ്യമാക്കാൻ വേണ്ടി നാം പ്രയത്നമാരംഭിച്ചിട്ട് ഏകദേശം നാലുപതിറ്റാണ്ടുകൾ പിന്നിടുന്നു. പൊതുവിദ്യാഭാസപ്രക്രിയ ഇപ്പോൾ നൂതന മാർഗ്ഗത്തിലൂടെയാണ് സഞ്ചരിക്കുന്നത്. ആയതിനു ആക്കവും മിഴിവും പ്രാഗത്ഭ്യവും നൽകുന്നതിനു നമ്മുടെ കുട്ടികളെത്തന്നെ വ്യക്തമായ കാഴ്ചപ്പാടോടെ പരിശീലിപ്പിക്കണം എന്നതിന്റെ അടിസ്ഥാനത്തിൽ 2017-2018 അധ്യനവർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് രൂപം നൽകിയ ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബ്ചിട്ടയോടെ അതിന്റെ പ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ടിരിക്കുന്നു എന്നത് ചാരിതാർഥ്യജനകമാണ്. അതിന്റെ മകുടം എന്നോണം ഈ സ്കൂളിൽ രൂപകൽപ്പന ചെയ്യുന്ന ഡിജിറ്റൽ മാഗസിനായ "ചിമിഴ് "അതിന്റെ എല്ലാ സൗകുമാര്യത്തോടും പ്രശോഭിക്കട്ടെ എന്നാശംസിക്കുന്നു

H M

MARGRET JAMES

ST.THOMAS HIGH SCHOOL THUMPOLY



# ജീവപരിണാമം

പ്രപഞ്ചോൽപ്പത്തി, ജീവോൽപ്പത്തി, മനുഷ്യന്റെ ഉൽഭവം മുതലായവയെപ്പറ്റി നിരവധി പരീക്ഷണങ്ങളും വാദപ്രതിവാദങ്ങളും സിദ്ധാന്തങ്ങളും നിലനിൽക്കുന്നുണ്ടല്ലോ. എന്നാൽ ഒന്നിനും ഒരു അവസാന വാക്ക് പറയാൻ ആകുന്നില്ലതാനും. പുതിയ കണ്ടുപിടിയ്ക്കുമ്പോൾ പഴയത് പിൻതള്ളപ്പെടുന്നു. ഇവയെപ്പറ്റി വി. ബൈബിളിനെ ആധാരമാക്കിയുള ഒരു എളിയ ചിന്ത പങ്കുവയ്ക്കുക മാത്രമാണ് ഇവിട ഉദ്ദേശിയ്ക്കുന്നത്

. ജീവന്റെ ഉൽപ്പത്തിയെപ്പറ്റി ശാസ്ത്രം എറ്റവും അഗീകരിക്കുന്ന രാസപരിണാസിദ്ധാന്ത പ്രകാരം ആദ്യ ജീവകണം (ആദിമകോശം) ഉണ്ടായത് ജലത്തിലാണ്. ഇതിന് ഉന്നത ഊർജം ആവശ്യമായിരുന്നു എന്നു

പറയുന്നു. വി. ബൈബിൾ പ്രകാരവും വെള്ളം തന്നെയാണ് ആദ്യമായി ജീവജാലങ്ങളെ പുറപ്പെടുവിച്ചത്. (ഉൽപ്പത്തി 1:20) "ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനു മീതെ ചലിച്ചു കൊണ്ടിരുന്നു. (ഉൽപ്പത്തി 1:2) ആദിമകോശം ഉണ്ടാകുന്നതിന് ആവശ്യമായിരുന്ന "ഉന്നത ഊർജ്ജം" യഥാർത്ഥത്തിൽ ഈ "ദൈവിക ശക്തി' തന്നെയായിരുന്നില്ലേ....?
ജലജീവികൾ, ഉഭയജീവികൾ, പക്ഷികൾ എല്ലാം പരിണാമം സംഭവിച്ചുണ്ടായെന്നും ഇതിന് കോടിക്കണക്കിന് വർഷങ്ങൾ എടുത്തതായും ശാസ്ത്രം പറയുന്നു. ദൈവം തന്റെ സൃഷ്ടികർമ്മം പൂർത്തിയാക്കാൻ 6 ദിവസം എടുത്തതായി ബൈബിൾ രേഖപ്പെടുത്തുന്നു. ദൈവസന്നിധിയിലെ ഒരു ദിവസം ഭൂമിയിലെ യുഗങ്ങൾ തന്നെയാണെന്നും ബൈബിൾ സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ. ജീവപരി ണാമത്തിൽ ഏറ്റവും അവസാനം ഉണ്ടായതും ഏറ്റവും വികാസം പ്രാപിച്ചതുമായ ജീവി മനുഷ്യൻ തന്നെ.ദൈവം തന്റെ സൃഷ്ടികർമ്മത്തിൽ ഏറ്റവും അവസാനമാണ് മനുഷ്യന് രൂപം നൽകിയത്. അവന് എല്ലാജീവികളുടെയും മേൽ ആധിപത്യം നൽകുകയും ചെയ്തു. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനു രൂപം നൽകി. ഭൂമിയിലെ ജീവികളിൽ മനുഷ്യനാണല്ലോ ചിരിയ്ക്കാനും ചിന്തിക്കാനും നന്മതിന്മകളെ വിവേചിയ്ക്കാനുമുള്ള കഴിവുള്ളതും.
ഒരു ജീവി വർഗ്ഗത്തിൽ നിന്നും മറ്റൊരു ജീവി വർഗ്ഗംനേരിട്ട് പരിണാമം സംഭവിച്ചുണ്ടായതായി ശാസ്ത്രം

പറയുന്നില്ല. പകരം “പൊതുപൂർവ്വികൻഉണ്ടായിരുന്ന എന്നു പറയുന്നു. എല്ലാത്തിന്റെയും സൃഷ്ടാവായ ദൈവം തന്നെയല്ലേ ആ പിതാവ്. സൂക്ഷ്മങ്ങളായ ബാക്ടീരിയ മുതൽ മനുഷ്യൻ വരെയുള്ള ജീവികളിലെ വിവിധ ജീവൽ പ്രവർത്തനങ്ങളിലുള്ള സമാനതകൾ ഇതിനു തെളിവല്ലേ.. ജീവന്റെ ഭൗതിക അടിസ്ഥാനമായ പ്രോട്ടോപ്ലാസം യഥാർത്ഥത്തിൽ “ദൈവകണം" തന്നെയല്ലേ?
ശാസ്ത്രം ഏറെ പുരോഗതി പ്രാപിച്ച ഈ കാലഘട്ടത്തിലും ഉത്തരം കിട്ടാത്ത പല
പ്രപഞ്ചരഹസ്യങ്ങൾ,ജനനമരണസമയങ്ങൾ, 21-ാം നൂറ്റാണ്ടിലെ വൈദ്യശാസ്ത്രത്തിനുപോലും
വിശദീകരിക്കാനാവാത്ത അത്ഭുതരോഗസൗഖ്യങ്ങൾ
ഇവയ്ക്കെല്ലാം
മുന്നിൽ ഭയഭക്തിയോടെ ആ ദൈവികശക്തിയെ വണങ്ങാതിരിക്കാൻ പറ്റുന്നില്ല.ജീവശരീരത്തിലെ ഓരോ അവയവയങ്ങൾ,ഘടന, അവയുടെ പരസ്പരപൂരകത്വം, നഗ്നനേത്രങ്ങൾക്ക് ഗോചരമല്ലാത്ത സൂക്ഷ്മകോശങ്ങളുടെ ന്യൂക്ലിയസിനുള്ളിൽപോലും നടക്കുന്ന കൃത്യമായ ജീവിൽ പ്രവർത്തനങ്ങൾ ഇവയെല്ലാം വര വണ്ണം തെറ്റാതെ ക്രമീകരിക്കുന്ന, നിയന്ത്രിക്കുന്ന ആ“സൂപ്പർ പവർ" തന്നെയല്ലേ ജീവോൽപ്പത്തിയുടെയും
ജീവപരിണാമത്തിന്റെയും മുഴുവൻ രചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്നത് എന്ന് ശാസ്ത്രം കൂടുതൽ മനസ്സിലാക്കുമ്പോൾ തോന്നുന്നു.
ശാസ്ത്രപരീക്ഷണങ്ങൾ തുടരട്ടെ. അവസാനം എവിടെയെത്തിച്ചേരും. വായനക്കാരന്റെ ചിന്തയ്ക്ക് സമർപ്പിക്കുന്നു.

രേഖ ജേക്കബ്




# ഗൂഗിളിന് പറയാനുള്ളത്

ഗഗിൾ ലോകത്തിലെ ഏറ്റവും വിശാലമായ ഇന്റർനെറ്റ് തിരച്ചിൽ സംവിധാനം. വിവിധ തലങ്ങളിലുള്ള അറിവുകൾ ശേഖരിച്ച് സാർവ്വദേശിയമായി ലഭ്യമാക്കുന്ന ഗൂഗിളിന്റെ ആനുകാലിക പ്രസക്തി പ്രശംസനീയമാണ്. ഇന്നത്തെ ഈ ഹൈടെക് യുഗത്തിൽ ഗൂഗിളിന്റെ സേവനം ലോകജനതയ്ക്ക് ഒഴിച്ചുകൂട്ടാൻ പറ്റാത്ത ഒരു നാഴികകല്ലാണ്. ആഴ്ചയിലെ 7 ദിവസത്തിലെ 24 മണിക്കൂറും ഗൂഗിൾ പ്രവർത്തന സജ്ജമാണ്. ലോകത്തിലെ ആദ്യത്തെ സെർച്ച് എൻജിൻ ആണ് ഗൂഗിൾ, ചുരുങ്ങിയ സമയം കൊണ്ട് വ◌ിശാലമായ ഈ ലോകത്തിന്റെ സ്പന്ദനംലോകജനതയുടെബൗദ്ധികമണ്ഡലത്തിലേക്കെത്തിക്കുന്നു. ഇന്റർനെറ്റ് ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ഒരു കണ്ടുപിടുത്തമാണ് ഗൂഗിളിന്റേതെന്നതിൽ ഒരു സംശയവുമില്ല. 20 വർഷങ്ങൾക്ക് മുമ്പ് 1998 സെപ്റ്റംബർ 4 ന് ആണ് ഗൂഗിൾ കമ്പനി നിലവിൽവരുന്നത്.ഗൂഗിളിന്റെഉപജ്ഞാതാക്കൾസെർജി ബിനും ലാറി പേജും ആണ്. ഒരു അമേരിക്കൻ ബഹുരാഷ്ട്ര കമ്പനിയായ ഗൂഗിൾ ഇന്റർനെറ്റ് സേവനങ്ങളുടെയും

ഉൽപന്നങ്ങളുടെയും ഓൺലൈൻ പരസ്യരംഗത്തും ക്ലൗഡ് മാപിങ്ങിലും, സോഫ്റ്റ്വെയർ, ഹാർഡ്വെയർ രംഗത്തും ഒക്കെ വ്യക്തമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അന്വേഷണങ്ങളാണ് പ്രതി ദിനം ഗൂഗിളിൽ എത്തുന്നത്
വിവിധതിരച്ചിൽ ഉപകരണങ്ങളിലൂടെ 20 കോടിയിൽപ്പരം

അന്വേഷണങ്ങളാണ് പ്രതിദിനം ഗൂഗിളിൽ എത്തുന്നത്

വിവരസാങ്കേതികവിദ്യയുടെ വളർച്ച വിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. ഇന്റർനെറ്റ് സംവിധാനങ്ങളിലൂടെ പഠനം കൂടുതൽ മെച്ചപ്പെടുത്താനും രസകരമാക്കാനും ലളിതമാക്കാനും സാധിക്കുന്നു. വിദ്യാഭ്യാസരംഗത്ത് മാത്രമല്ല, ആരോഗ്യപരിപാലനത്തിലും വ്യവസായ സംരംഭങ്ങളിലും വാർത്താവിതരണ രംഗത്തും എന്നു വേണ്ട ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഇന്റർനെറ്റിന്റെ അനുബന്ധ സംവിധാനങ്ങളുണ്ട്. 2005 തുടക്കമായപ്പോഴും 800 കോടിയോളം വെബ് പേജുകളും 100 കോടിയോളം വെബ് ചിത്രങ്ങളും ഗൂഗിൾ തിരച്ചിലുകൾക്കായി കമപ്പെടുത്തിയിരിക്കുന്നു. വിവര സാങ്കേതിക യുഗത്തിലെ ഏറ്റവും വിജയകരമായ .കമ്പനികളിലൊന്നായി ഗൂഗിൾ മാറി കഴിഞ്ഞു

ൽ ഗൂഗിളിന്റെ ആദ്യത്തെ അന്താരാഷ്ട്ര ഓഫീസ് -2001 ടോക്കിയോയിൽ ആരംഭിച്ചു. ഗൂഗിളിന്റെ ആസ്ഥാനം ഇന്ന് ഗൂഗിൾ പ്ലക്സ് എന്നറിയപ്പെടുന്നു. 2005 ൽ ഗൂഗിൾ മാപ്പും, 2006-ൽ ഗൂഗിൾ കലണ്ടറും, 2007-ൽ ആൻഡ്രോയ്ഡ് എന്ന മൊബൈൽ ഓപ്പറേറ്റിംഗ് സിസ്റ്റവും, 2008-ൽ വെബ് ബ്രൗസർ ആയ ഗൂഗിൾ ക്രോം, തുടങ്ങിയവയെല്ലാം ഗൂഗിളിന്റെ നൂതന സംരംഭങ്ങളാണ്. 2015-ൽ ഗൂഗിളിന്റെ പുതിയ സി.ഇ.ഒ ആയി സുന്ദർ പിച്ചായി നിയമിതനായതോടുകൂടി ഗൂഗിൾ ഇന്റർനെറ്റിന് പുതിയ മാനങ്ങൾ . കൈവന്നു

മിനി ഡി



# സ്മാർട്ട് ഫോൺ

ചാറ്റുചെയ്യാം നമുക്കേതുനേരവും
സ്മാർട്ട് ഫോണെൻ കയ്യിലുണ്ടല്ലോ..
രാതിയോ പകലോ ഭേദമില്ലെപ്പോഴും
പരിധിക്കകത്തുണ്ട് നാം.
ഷെയർ ചെയ്യാം നമുക്കെന്തുമേതുനേരവും
നന്മയോ തിന്മയോ വ്യക്തമല്ലെങ്കിലും

ലൈക്കുചെയ്യാം നമുക്കെന്തുമെവിടെയും
അമ്മയോ പൈതലാ പിടഞ്ഞുവീഴുമ്പോഴും
കമൻചെയ്യാം നമുക്കെങ്ങനെയും
സ്വാതന്ത്ര്യം കിട്ടിയ നാടിതല്ലോ ?
സെൽഫിയെടുക്കാമെനിക്കെപ്പോഴും
ട്രാഫിക്കിനിടയിലോ മരണനേരത്താ
ട്വിറ്റുചെയ്യാമെനിക്കേറെയകലെയെങ്കിലും

നേരിലാരും തന്നെ കാണുന്നതില്ലല്ലോ
വാട്സാപ്പും ഫെയ്ക്കും മാറിത്തീരത്തു ഞാൻ
യൂട്യൂബിൽക്കയറി പരതിക്കുഴഞ്ഞു ഞാൻ
ചാറ്റിംഗും ഷെയറിംഗുമേറുമ്പോഴും
ലൈക്കും കമന്റും കൂടുമ്പോഴും
സെൽഫിയെടുക്കുന്ന ഞാനറിയുന്നു
ഫയിലും ലൈഫിലും
ഞാൻ മാത്രം .......ഹാ.....ഞാൻ മാത്രം.

സോഫിയ ജോർജ്

# ചെത്തിപ്പൂവ്

ചെമ്പട്ട് നിറമുള്ള ചെത്തി നിൻ
മുഖത്തിന് തത്തമ്മ ചുണ്ട് നിറം
ചെമ്മാന നിറമുള്ള ചെത്തി
തണ്ടിന് തത്തമ്മ തന്നുടൽ വർണ്ണം
നിന്നിലൂറും പൂന്തേൻ നുകരാൻ
നിന്റെ നിറങ്ങൾ കണ്ട് രസിക്കാൻ
നിൻ പൂവിതളുകൾ നുള്ളാൻ
കുരുന്നുകൾ ചുറ്റും നിൽക്കുന്നു
നീയിനി സ്വർണ്ണ കാന്തി ചൊരിഞ്ഞാലും
നീയിനി മരതകമായാലും, പിന്നെ
തോഴരി ഞങ്ങൾ നിൻ കളിക്കൂട്ടുകാർ
എന്നും കളിക്കൂട്ടുകാർ




അമാൻഡ ആന്റണി




# പൗരബോധത്തിന്റെ വഴികാട്ടി SPC

ഞാൻ SPC സ്റ്റുഡന്റ് അഭിജിത് ജോസഫ് . എന്റെ ജീവിതത്തിൽ SPC എങ്ങനെ സ്വാധീനിച്ചു എന്ന താണ് ഞാൻ ഇതിലൂടെ പറയുവാൻ ആഗ്രഹിക്കുന്നത്. SPC യുടെ പൂർണ്ണ വാക്യം എന്നത് "STUDENT POLICE CADET' എന്നതാണ് അതിന്റെ ആപ്തവാക്യം. "We Learn അതുൽ നാംആൺ 'To Serve' എന്നതാണ്.

SPC യുടെ ലക്ഷ്യം നിയമം അനുസരിക്കുന്ന ഒരു പുതുതലമുറയെ വാർത്തെടുക്കുക എന്നതാണ്.അത് പാലിക്കേണ്ടത് എങ്ങനെയെന്നും Spc 2010 ആഗസ്റ്റ് 2-ാം തീയതിയാണ് SPC എന്ന പ്രാജക്റ്റ് ശ്രീ. വിജയൻ IPS അവറുകൾ ആരംഭിച്ചത്. ഇതിന്റെ ഭാഗമായി എന്റെ വിദ്യാലയമായ സെന്റ് തോമസ് എച്ച്.എസ്. തുമ്പോളി

ടജന പ്രൊജക്റ്റ് തുടങ്ങാനായി തീരുമാനിച്ചു.സ്കൂൾ ലെവൽ അത് തീരുമാനിച്ചിരുന്നത് റോബിച്ചൻ സാറിനും ഷൈനി ടീച്ചറിനുമായിരുന്നു. 2016 ൽ ആദ്യമായി SPC യുടെ പ്രവർത്തനം തുമ്പോളി സ്കൂളിൽ തുടങ്ങി.SPC യിലേക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നതിനായി ആദ്യമേ തന്നെ എഴുത്തു പരീക്ഷയും തുടർന്ന് ഫിസിക്കൽ ടെക്സ്റ്റും നടത്തി. 2016 8- ആം ക്ലാസിലെ കുട്ടികൾക്കാണ് ആദ്യമായി ടജഇ യുടെ ഭാഗമാകാൻ ഭാഗ്യം ലഭിച്ചത്. അതിൽ ഒരംഗമാകാൻ എനിക്കും സാധിച്ചു എന്നുള്ളതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം.ടജഇ യിൽ ചേരുമ്പോൾ എനിക്ക് ഫിസിക്കൽ ഫിറ്റ്നസ് വളരെ കുറവായിരുന്നു. ട ജ ഇ യുടെ ഫിസിക്കൽട്രെനിങ്ങിലൂടെ അത് മെച്ചപ്പെടുത്തുവാൻ എനിക്ക് സാധിച്ചു. കേവലംപുസ്തകതാളുകളിലെ അക്ഷരങ്ങളുടെ ലോകത്തിൽ മുഴുകിയിരുന്ന ഞാൻ സമൂഹത്തിന്റെ സകല തലങ്ങളിലേക്കും എത്തിനോക്കുവാൻ ടജഇ എന്നെ ഒത്തിരി ഏറെ സമ്മാനിച്ചു. 5 ജി യിൽ നടന്ന ക്യാമ്പുകളും ക്ലാസുകളും പഠനയാളും സമൂഹത്തോടും പ്രകൃതിയോടും ഇഴകി ചേർന്ന് ജീവിക്കുവാൻ എന്നെ പ്രാപ്തനാക്കി.

പൗരബോധത്തിന്റെ

അതിർവരമ്പുകളിലൂടെ പോലും നടക്കാതിരുന്ന എന്നെ വഴിതെളിച്ച് നേർവഴിക്ക് കൈപിടിച്ച് നടത്തിയത് SPC യാണ്. സമൂഹത്തിൽഒരു പൗരന്റെ ധർമ്മം എന്താണെന്നുംഅത് പാലിക്കേണ്ടത് എങ്ങനെയെന്നും

SPC എന്നെ പഠിപ്പിച്ചു. ഡ്രിൽ ഇൻസ്പെക്ടർമാരായ അരുൺ സാർ, ഇന്ദുമാഡം, കനകരാജ് സാർ, ലേഖ മാഡം, ശ്യാം സാർ, CPO ആയ റോബിച്ചൻ സാർ, ഷനി ടീച്ചർ എന്നിവർ എന്നെ നല്ലൊരു SPC കേഡറ്റ് ആയി വളർത്തിയതിൽ വളരെ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അവരെ എല്ലാം ഞാൻ നന്ദിയോടെ ഓർക്കുന്നു.

എന്റെ ജീവിതത്തിൽ ഒരു ലക്ഷ്യബോധം ഉണ്ടായിരുന്നു. പക്ഷേ അത്എങ്ങനെ സഫലീകരിക്കണമെന്ന് അറിയാതിരുന്ന എന്നെ ലക്ഷ്യത്തിന്റെ പടവുകളിലേക്ക് കൈ പിടിച്ചുയർത്തിയത് SPC ആണ്.അതേപോലെ മറ്റുള്ളവരുടെ മുൻപിൽ നിന്ന് സാസാരിക്കുവാനുള്ള ധൈര്യം ഞാൻ നേടി എടുത്തു. SPC യുടെ സ്ഥാപകനായ വിജനൻ IPS ന്റെ മുൻപിൽ രണ്ട് വാക്ക് സംസാരിക്കുവാനുള്ള ധൈര്യവും ഭാഗ്യവും എനിക്ക് ലഭിച്ചു.

SPC യുടെ ക്ലാസിലൂടെ എനിക്ക് സമൂഹത്തിലെ തിന്മകളും അവയുടെ ദൂഷ്യവശങ്ങളും അതിനെതിരെയുള്ള നിയമവശങ്ങളും മനസ്സിലാക്കുവാൻ സാധിച്ചു. മറ്റുകുട്ടികളെ നന്മയുടെ പാതയിലേക്ക് തിരിച്ചുകൊണ്ടുവരുവാനും നമ്മുടെ സമൂഹത്തിലെകുട്ടികളെ പൗര ബോധം ഉള്ളവരാക്കിതീർക്കുവാനും നിയമങ്ങളെ അനുസരിക്കുന്ന ഒരു പുതുതലമുറയെ വാർത്തെടുക്കുവാനും ഇനിയും SPC ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

അഭിജിത് ജോസഫ്

# പ്രതീക്ഷ

ഓരോ മാതാപിതാക്കളും എത്ര കഷ്ട്ടപെട്ടിട്ടാണ്
 മക്കളെ വളർത്തുന്നത്. നമുക്കുവേണ്ടി അച്ഛനും
അമ്മയുമാകുന്ന സ്നേഹം അലിഞ്ഞു തീരുകയാണ്.
അവരുടെ ദുഃഖങ്ങൾ  മറച്ചു വച്ചുകൊണ്ട് നമ്മുടെ
സന്തോഷങ്ങളിൽ അവർ പങ്കു ചേരുന്നു. നമ്മുടെ
ഓരോ സങ്കടങ്ങളിലും കഷ്ടപ്പാടുകളിലും ആശ്വാസ
മായി അച്ഛനും അമ്മയും വരുന്നു.മാതാപിതാക്കൾക്ക് മക്കളോടുള്ള
സ്നേഹംഎത്ര വലുതാണ് എന്നാൽ നാം ആ സ്നേഹത്തിന്
ഒരു വിലയും കൽപ്പിക്കുന്നില്ല. അവരുടെ സ്നേഹ
ത്തിന് നാം ഒന്നും പകരം കൊടുക്കുന്നില്ല. മാതാപി
താക്കൾ ശകാരിച്ചാൽ നമുക്ക് വേദനിക്കും. എന്നാൽ
അവർ ശകാരിക്കുന്നത് മക്കളോടുള്ള സ്നേഹം മൂലമാണ്

നമ്മെ  വളർത്തി വലുതാക്കി നമുക്കൊരു
ജോലി ലഭിച്ചു കഴിയുമ്പോൾ നാം നമ്മുടെ മാതാപി
താക്കളെ മറക്കുന്നു. മാതാപിതാക്കളെന്ന വിളക്ക്
നമുക്ക് വേണ്ടി എരിഞ്ഞു തീരുകയാണ് എന്നാൽ നാം
അതുകണ്ടില്ലെന്നു നടിക്കും. ഓരോ മക്കളുടെയും
സന്തോഷങ്ങൾക്കു പിന്നിൽ അവരുടെ മാതാപിതാ
ക്കളാണ്. നമ്മൾ ജനിച്ചു വീഴുമ്പോൾ മുതൽ തുട
ങ്ങുന്നതാണ് മാതാപിതാക്കളുമായുള്ള ബന്ധം.
നമ്മൾ വേറൊരു സുഖം തേടിപ്പോകുമ്പോൾ മാതാ
പിതാക്കൾ ഒറ്റപ്പെടുന്നു. അവരുടെ സ്നേഹവും ലാള
നയും വേണ്ട എന്നു വയ്ക്കുന്നു. അതിന് ഒരു ഉത്തമ
ഉദാഹരണമാണ് നമ്മുടെ നാട്ടിൽ വൃദ്ധസദനങ്ങൾ
വർധിക്കുന്നത്. നാം നമ്മുടെ മാതാപിതാക്കളെ ഉപേ
ക്ഷിച്ച് വിദേശത്തേക്കോ മറ്റു സ്ഥലങ്ങളിലേക്കോ
പോകുന്നു. പക്ഷേ നാം ഒന്നോർക്കണം; മാതാപിതാ
ക്കളുടെ ജീവിതം മക്കൾക്കായി ഉഴിഞ്ഞു വച്ചതാണ
ന്നുള്ളത്.

ഓരോ വൃദ്ധസദനത്തിലെയും മാതാപിതാക്കളെ നോക്കിയാൽ നമുക്ക് കാണാൻ സാധിക്കും എന്നെങ്കിലും തങ്ങളുടെ മക്കൾ തങ്ങളെ അന്വേഷിച്ചു വരുമെന്നുള്ള പ്രതീക്ഷയോടെയുള്ള കാത്തിരിപ്പ്.



# എന്റെ സ്കൂൾ

പുണ്യചരിതനാം സെന്റ് തോമസിൻ
പദസ്പർശമേറ്റ മണ്ണിൽ വളർന്നു
വിലസിടുന്ന സെന്റ് തോമസ് ഹൈസ്കൂൾ
കുഞ്ഞുനാൾ മുതൽ ടീനേജുവരെ
ചവിട്ടിനടന്നിടാം ഈ മണ്ണിൽ
തുമ്പോളിയമ്മതൻ പരിലാളനയും,
കരുതലും, തലോടലും ആവോളം
നുകർന്നിടുന്ന കുഞ്ഞു മാനസങ്ങൾ
ജീവിതവഴിയിൽ മുന്നേറാൻ
കടലോരമക്കൾക്ക് താങ്ങായ്
തുമ്പോളിയമ്മ
ഹായ് അവർണ്ണനീയം,അവിശ്വസനീയം
എന്നുമെന്നും അമ്മതൻ സാന്നിധ്യം
മുത്തശ്ശിക്കഥകൾ ചൊല്ലിടുന്ന മരത്തണലിൽ
പൂമ്പാറ്റകളായ് പാറിപ്പറന്നിടുന്നു
സെന്റ് തോമസിൻ കുരുന്നുകൾ
ഓടാനും, ചാടാനും കുസൃതിക്കുറുമ്പുകൾ
കാട്ടാനും കുരുന്നുകൾക്കാനന്ദം.
മൂല്യാധിഷ്ഠിതമാം വിദ്യാധനം സൗജന്യമായ്
പകർന്നിടാൻ ഗുരുഭൂതരിതാ....
സദാസന്നദ്ധരായ് സമർപ്പിതരായ്
അറിവിൻ തേൻ നുകരാൻ
ഇനിയും എത്തിടട്ടെ അനേകം കുട്ടിക്കുറുമ്പുകൾ
ആഗ്രഹിക്കുന്നു. ആശംസിക്കുന്നു.
പ്രാർത്ഥനയോടെ കരങ്ങൾ കൂടുന്നു.
സെന്റ് തോമനേ നിനക്കു വന്ദനം



# മലയാളം

## സാഹിത്യലോകത്തേക്കൊരു കിളിവാതിൽ

സാഹിത്യലോകത്തേയ്ക്ക് മലയാളത്തിന്റെഒരു കിളിവാതിൽ തുറക്കാൻ കടന്നുപോയ ഭാഷാസ്നേഹികളായ മഹാരഥന്മാരുടെ ആശ്രാന്തപരിശ്രമത്തിന്റെയും ആത്മാർത്ഥസേവനത്തിന്റെയുംകൈയൊപ്പുകൾ പതിഞ്ഞിട്ടുണ്ട് എന്ന കാര്യം അവിസ്മരണീയമാണ് പ്രാചീനകവിത്രയങ്ങളായ,ചെറുശ്ശേരിയും,എഴുത്തച്ഛനും,കുഞ്ചൻമ്പ്യാരും ഉഴുതുമറിച്ചമണ്ണിൽആധുനികകവിത്രയങ്ങളായ ആശാനും,ഉള്ളൂരും,വള്ളത്തോളുംവിത്തിറക്കി നൂറുമേനികൊയ്യുകയുണ്ടായി ചങ്ങമ്പുഴയും ഇടശ്ശേരിയും മലയാള കാവ്യാം ഗതയെ സാധാരണക്കാരുടെവരെ കൈപ്പിടിയിലൊതുക്കി ഓ എൻ വിയും വയലാറുമാകട്ടെ മലയാള കാവ്യകൈരളിയെ ജനകീയ അനുഭവമാക്കി മാറ്റുന്നതിൽ ഒട്ടും പിന്നിലല്ലായിരുന്നു കാരൂരും പൊൻകുന്നം വർക്കിയും ഉറൂബും തകഴിയും ബഷീറും ഒ വി വിജയനുമൊക്കെ രഥോത്സവം നടത്തിയ മലയാള സാഹിത്യ തറവാട് പ്രസരിക്കുന്ന സൂര്യനെപ്പോലെ തേജസ്വിയായി ഇന്നുംനിലകൊള്ളുന്നു നവ ലിബറൽ ആശയങ്ങളുടെ കടന്നുകയറ്റം മറ്റു മേഖലകളിലെന്നപോലെ സാഹിത്യത്തിലും ഭാഷയിലും ആധുനികവത്ക്കരണം സംഭവിക്കാൻ ഇടയായിട്ടുണ്ട് ഇത് മലയാളത്തിന്റെ തളർച്ചയാണോ വളർച്ചയാണോ എന്നത് കാലം തെളിയിക്കേണ്ട വസ്തുതയാണ്

സാലി എം ജോസഫ്




# ഹരിത രസതന്ത്രത്തിന്റെ പ്രാധാന്യം ആധുനിക ലോകത്തിൽ

മണ്ണും വിണ്ണും ജലവും വായുവും അനുദിനം മലിനമായി കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. രസതന്ത്രശാഖ ലോകത്തിന് സമ്മാനിച്ച നിത്യോപയോഗ ഉൽപ്പന്നങ്ങളുടെ സുരക്ഷിതമല്ലാത്ത ഉപയോഗം മൂലമാണ് പല ദുരന്തങ്ങളും നമുക്ക് നേരിടേണ്ടി വന്നത്. ഇന്ത്യയിലെ ഭോപ്പാൽ ദുരന്തവും ജപ്പാനിലെ മീനമാതാരോഗവുംഉക്രയിനിലെ ചെർണോബിൽ ദുരന്തവും രാസവസ്തുക്കൾ സമ്മാനിച്ചതാണ്.

കേരളത്തിലെ എൻഡോസൾഫാൻ ദുരന്തത്തിന്റെ ഇരകളെ മനുഷ്യന്റെ അശ്രദ്ധതന്നെയാണ്സൃഷ്ടിച്ചെടുത്തത്. ഇത്തരം ദുരന്തങ്ങൾക്കെതിരെയുള്ള കരുതലാണ് ഹരിത രസതന്ത്രം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളും കണ്ടെത്തലുകളും. ഹരിതരസതന്ത്രമെന്നാൽ പരിസ്ഥിതി സൗഹൃദ രസതന്ത്രമെന്നാണ് അർത്ഥം.രസതന്ത്രമില്ലാത്ത ലോകത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ സാധ്യമല്ല. വ്യവസായിക വിപ്ലവത്തിനുശേഷം അതിഭീകരമായ പല മലിനീകരണ പ്രശ്നങ്ങൾക്കും ലോകം സാക്ഷ്യം വഹിച്ചു. ഫോസിൽ ഇന്ധനങ്ങളുടെ അമിതമായ ഉപയോഗം മൂലം വൻ തോതിൽ അന്തരീക്ഷത്തിൽ എത്തിച്ചേരുന്ന co2 ഉം അതുപോലെ പലരീതിയിൽഅന്തരീക്ഷത്തിൽ എത്തിച്ചേരുന്ന മറ്റ് ഹരിതഗൃഹവാതകങ്ങളും ആഗോളതാപനത്തിലൂടെ ഭൂമിയെ ചുട്ടുപൊള്ളിക്കുന്നു.

റെയ്ച്ചൽ ലൂയിസ് കാർണസിന്റെ "സൈലന്റ് സ്പ്രിംഗ്" എന്ന പുസ്തകവും ആൽഡോ ലിയോപോൾഡിന്റെ എ സാൻഡ് കൺട്രി അൽമനാക്' എന്ന പുസ്തകവും 1987 ൽ ഐക്യരാഷ്ട്രസഭ പ്രസിദ്ധീകരിച്ച 'Our Common Future' എന്ന റിപ്പോർട്ടുമൊക്കെ പാരിസ്ഥിതിക ദുരന്തങ്ങളുടെ ഭീകരതലോകത്തിനു മുമ്പിൽ കൊണ്ടുവരുന്നതിൽ പ്രധാന പങ്കുവഹിച്ചു.ഇതിനെ തുടർന്നാണ് യു.എസ് എൺവയൺമെന്റ് പ്രൊട്ടക്ഷൻ ഏജൻസി ഹരിത രസതന്ത്ര പരിപാടികൾക്ക് തുടക്കം കുറിച്ചത്.

യു.എസ് ശാസ്ത്രജ്ഞനും അവിടുത്തെ ഗ്രീൻ കെമിസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുമായ പോൾ അനസ്താസാണ് ഗ്രീൻ കെമിസ്ട്രി എന്ന വാക്കിന്റെ ഉപജ്ഞാതാവ്. ഇദ്ദേഹവും ജോൺ സി വാർണറും ചേർന്നാണ് ഹരിതരസതന്ത്രത്തിന്റെ 12 തത്വങ്ങൾക്ക് രൂപം നൽകിയത്




മനുഷ്യനും പ്രകൃതിക്കും ദോഷകരമല്ലാത്ത രാസവസ്തുക്കൾ ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ സൃഷ്ടിക്കുക രാസവ്യവസായശാലകളിലെ പ്രവർത്തനങ്ങൾ തികച്ചും ഹരിതമാക്കുക മാലിന്യങ്ങൾ ഒട്ടും പുറംതള്ളാത്ത വിധത്തിൽ രാസനിർമ്മാണ പ്രവർത്തനങ്ങൾ പുനഃസൃഷ്ടിക്കുക, ഉപദ്രവകാരികളായ രാസവസ്തുക്കളെ ഉപകാരികളും നിരുപദ്രവകാരികളുമാക്കി മാറ്റുക, അപകടകാരികളായ ഉപോൽപന്നങ്ങൾ ഉണ്ടാകുന്നത് തടയുക, മാലിന്യങ്ങളെ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക, രാസപ്രക്രിയകൾക്ക് കുറഞ്ഞ ഊർജ്ജം ഉപയോഗിക്കുക ഹരിതലായകങ്ങൾ ഉപയോഗിക്കുക രാസപ്രവർത്തനങ്ങളിൽ രാസവസ്തുക്കളുടെ പാഴ്ച്ചെലവ് കുറച്ച് ആറ്റം ഇക്കണോമി വർദ്ധിപ്പിക്കുക എന്നിവയൊക്കെ ഹരിതരസതന്ത്രത്തിന്റെ പ്രധാനലക്ഷ്യങ്ങളിൽപെടുന്നു.

രസതന്ത്രം മാത്രമല്ല ജീവശാസ്ത്രവും, ബയോടെക്നോളജിയും നാനോ ടെക്നോളജിയും, ഇലക്ട്രോണിക്സും കെമിക്കൽ എഞ്ചിനീയറിംഗും എന്നുവേണ്ട വിവിധ ശാസ്ത്ര സാങ്കേതികരംഗങ്ങൾ തികച്ചും ഹരിതമാകുന്ന ഒരു നല്ല കാലമാണ് ഹരിത രസതന്ത്രം മുമ്പോട്ടുവയ്ക്കുന്നത്. ഈയൊരു സ്വപ്നസാക്ഷാത്ക്കാരത്തിനായ് നല്ലൊരു നാളേയ്ക്കായ് ഹരിതരസതന്ത്രം നമുക്കായ് കാത്തുവച്ചിരിക്കുന്ന വിസ്മയങ്ങളുടെ പെരുമഴക്കായി നമുക്ക് കാത്തിരിക്കാം

അർച്ചന ജെ അറോജ്

# നല്ല പാഠം

ഹൃദയത്തിനുള്ളിൽ നിറയ നന്മകൊണ്ടു നടക്കുന്ന ഒരുപറ്റം കൂട്ടുകാർ. അവർക്ക് വഴികാട്ടികളായ രണ്ട് ഗുരുനാഥർ. ആറ് വർഷംകൊണ്ട് തുമ്പോളിയിലും  പരിസരപ്രദേശത്തും ഇവർ ചെയ്ത പ്രവർത്തനങ്ങൾ ഒട്ടും ചെറു അൻപതോളം രോഗി സഹായ പ്രവർത്തനങ്ങൾ, ക്യാൻസർ ബാധിച്ച രണ്ട് പേർക്ക് ധനസഹായം, കിഡ്നി തകരാറിലായ സഹപാഠിക്ക് ഓപ്പറേഷന് തുക കണ്ടെത്തൽ, മൂന്ന് വിദ്യാർത്ഥികൾക്ക് വീട് നിർമ്മിക്കാനുള്ള പ്രാഥമികപ്രവർത്തനങ്ങൾ, മൂന്ന് വീടുകൾ വൈദ്യുതീകരിച്ച് നൽകി.

മരം നടൽ, പച്ചക്കറി കൃഷി, കുട്ടനാടിന് ആഹാരം, ശുദ്ധജലം എത്തി. വിൻസെന്റ് ജോസഫ്ക്കൽ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഭിന്നശേഷിക്കാരന് സഹായം, അയൽപക്കസ്കൂൾ മോഡിപിടിപ്പിക്കൽ, കാസം പെയിന്റിംഗ്, ഫെയിസ് പെയിന്റിംഗ്, ലഹരി വിരുദ്ധ സൈക്കിൾ റാലി,സൈബർ ബാധവൽക്കരണ പരിപാടികൾ, തെരുവ് നാടകം, കടലോരം വൃത്തിയാക്കൽ, റോഡ് ഷാ, സാക്ഷരത പരിപാടി, മുത്തശ്ശിമാരെ ആദരിക്കൽ, ട്വന്റി ട്വന്റി ചാലഞ്ച് ടാസ്ക് വിജയം, ബാനർ ചിത്രീകരണം, രോഗീസന്ദർശനം, പാനഉപകരണ സഹായം അങ്ങനെ നീണ്ടുപോകുന്നു നല്ലപാഠം പ്രവർത്തനങ്ങൾ. എന്നും നന്മമാത്രം ആഗ്രഹിക്കുന്നു. നല്ല നാളേക്കായ്. നന്മയുടെ കൂട്ടുകാരായ് കുട്ടികൾ പുഞ്ചിരിക്കട്ടെ

വിൻസെന്റ് ജോസഫ്

# Gift Of God



A child is a gift of God, and our love for that child is our gift to God. A child is very Innocent and it doesn't know any goodness or problems related to life.
A child enjoys each and every moment of life. Our child's personality really begins to shine through their character. They have their own personal preferences and know what they like or don't like. A child can make any mistake.
There are people to protect and guide the child. It gets special care and attention from everyone. Everything is new for the child. Parents are the ultimate role models for children.
Every word, movement and action has an effect.
No other person or an outsider has a greater influence on a child than the parent. We try to teach our children all about life, our children teach us what life is all about. So love your child give them good things and we should remember one thing" Children are giftof God"
The most beautiful thing in the world is to see the children smiling, the next best thingis to know that you are the reason behind that smile. So always remember

to be happy be-cause you never know who's falling in love with your smile.

ROSE JANET A C



# Laziness

Once upon a time there were two brothers lived in a village. One was very hard working and the other was very Lazy



The hard working boy's name was Rinu and the other was Manu. Rinu helped his mother in all her house hold activities, but Manu didn't help his mother and he always disturbed her

One day mother wanted to go to her relatives house and she said to her children, "Sons, when you returns from school, I will not be here, so you should have your food and wash your plates.

When they came back from school Rinu obeyed what his mother said. But Manu didn't


eat anything because when he eats the food he want to but this used plated so he sat there for long time. But this time Rinu went for playing. Manu became so weak. His friend came to call him for playing football but he couldn't play.

He became very sad. He cried for some time Nobody is there to give him food. But he couldn't understand that his lazy character is the main point. After long time he understood one thing.

Laziness fuels more laziness. Activity fuels more Activity. He made a decision in his mind, never be lazy in his life, be hard-working always.

**The moral of the story is**: Work hard and don't Be lazy

# चमेली रानी



चिडियों के गाना सुनकर
मैं नींद से जगायी
दखाजा खोलकर देखे तो
सुन्दर सुन्दर दाँत दिखाकर
मुझे देखकर मुस्काती है
चमेली रानी मुस्काती है।

खुराबु दुर दुर फैलाते है।
सबको पास बुलाती है
कितना कोमल इसका तन
कितना सुन्दर इसका मन
सबको देखकर हँसती है
सबको दोस्त बनाती है

मैं ने इसको जब जब देखा
तब तब वह मुस्काती है
हम भी ऐसा पाठ पढे
चमेली जैसे हम बनना
अपने मुस्कान सबको देकर
अपने खुशबू फैलाकर
सबको दोस्ती बनाकर
विदेवेष, विद्रोह, छोडकर
इस धरती को स्वर्ग बनाओ

**नेहा मरियम विन्सेन्ट**

# प्रकृति संरक्षण

प्रकृति का संरक्षण अवश्य है मानव, जीव- जंतू तथा पेड- पौधों से मिलकर प्रकृति होते है वातावरण, नदि।

आदि सब अब मलिन हो रहे है प्रकृति मलिनीकरण से अब केनसर, आस्मा आदि बिमारियाँ होते है। कारखान,

गाडियों आदि से आते घुओं प्रकृति में बहुत शोषन होते है।

मानव के जीवन में वायु और पानी जरूर चाहिए। कारखानों से बाहर फेंकते मालिन्य, मानव फेंकते मालिन्य।

भी नदियों को कठिन रूप से मलिनता मरने हैं। ऐसे नदी के मछलियों को भी नाशं होते है।

पेड़ों को काठना भी प्रकृति का नाशा ही है। चिडिया और जानवरों का आवास कोन्द्र है वन। जंगल का

नाश, हमारे परिस्थिति सन्तुलन का ही नाश है। वन नशीकरण से मिट्टी का प्ररन भी आते है। तब खेती का

कष्टता भी आते हैं।इस धरती को बचाने केलिए हम पेड बनायें, उसे पानी भी डालें। हमारा प्रकृति हरिताभ हो जायेंगे।

षीना बी



# मेरा विद्यालय

क्या में निखु ईखर के कृपा के कारण मैं पठे हुए मेरे विद्यालय में छात्रों को पठाने के किनिए अवसर
दिए गए मेरे परम पिता के सामन सिर झुकाकर मोरे विद्यलय के बारे में लिखति हुँ। पाँचवी कक्षा से दसवी
कक्षा तक मैं तुम्पोली सेन्ट तोमस हईस्कूल में पठाई पूती विद्यलय में पैतीस अद्यायपक - अद्यापिक ओं का
स्टाफ है। जो कि हमें अलह - अलह विषय पठाते है। विद्यालय के पिछं एक ग्राउंड है। जिसमें पेड पौछे लगे हम
है और हम वही पर सुबह प्रार्थना करते है और आधी छुट्टी होने पर वही पर हम खेलते हौ। हमारे विद्यालय
का परिणाम हर बार रात - प्रतिरात रहता हौ।
मेरा विद्यालय के सभी विद्यार्थी नीले और सफेद रंग की पाशाक में आते हौ। मेरे विद्यालय में कोई
सास्कृतिक एंव अन्य प्रतियोगीताएं होती है। मेरे विद्यालय के प्रधानाचापिका बहुत ही सज्ञन व्यक्ति है।

जब मैं पठते तब से हिन्दी में मेरा अभिरुची कुछ ज्यादा थी इसलिए में हिन्दी एक ऐश्चिक विषय के रूप
में चुन लिए और लोगो पदने का निरचय किया तो इनके साथ भी कंप्यूटर टिप्लोम और डि. टि. पि. भी
अपनायां। मेरा अद्यापकों से मैं बहुत प्यार करते थे उनके प्यार तथा सहयोह मुझे एक अद्यापिका बनने को प्रेरणा
दी मेरा प्यारे अद्यापिकओं को इस समय में स्मरण करती है।

अपने लक्ष्य प्राप्ती तक पहुँचने केलिए हमें अच्छी तरह से कठिन प्रश्न करना अनिवार्य है। इतना निखकर

में समाप्त करती है। मेरा विद्यालय मुझे अपना घर के वातापरण के साथ आगे बठने को सकता है।

जेसी सी जे



OUR LITTLE KITES MEMBERS



THANKS
FOR
WATCHING